കേരള സർക്കാർ

നമ്പർ. 360/ഡി.ബി.1/17/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം, 26/03/2018.

URBAN AFFAIRS OFFICE DIRECTOR 2018

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം - മേഖലാ വിഭജനത്തിൽ ക്രമീകരണം നടത്തുന്നതും പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതും - നിർദ്ദേശം - സംബന്ധിച്ച്.

സൂചന:
1) സ.ഉ. (സാധാ) നം. 3967/2017/ തസ്വഭവ തീയതി, 11/12/2017
2) തദ്ദേശസ്വയംഭരണ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13/12/2017 ലെ 3.3 നം.തീരുമാനം
3) തദ്ദേശസ്വയംഭരണ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06/02/2018 ലെ 3.4 നം.തീരുമാനം

DC H

ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ഫണ്ട് തികയാതെ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ വർഷത്തേയ്ക്ക് മാത്രം പ്രസ്തുത ആവശ്യത്തിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ പരമാവധി 50% തുക വരെ നിബന്ധനകൾക്ക് വിധേയമായി ഉപയോഗിക്കാൻ സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഇങ്ങനെ ക്രമീകരണം നടത്തിയാലും തുക അപര്യാപ്തമായി വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി അധിക തുക കണ്ടെത്തുന്നതിന് ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

27.4.18

1) ഈ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിക്കുന്ന മുറയ്ക്ക് മേഖലാവിഭജനത്തിൽ ഇളവ് ചെയ്ത് നൽകുന്നതാണ്.
2) ഇപ്രകാരം മേഖലാ വിഭജനത്തിൽ ക്രമീകരണം നടത്തേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് എസ്.ആർ.ജി മുഖേന ഐ.കെ.എം ന് നല്കണം
3) കൂടാതെ ലൈഫ് പദ്ധതി പ്രകാരം വീടുകളുടെ പൂർത്തീകരണത്തിന് അധിക തുക ആവശ്യമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ ഭേദഗതി ചെയ്ത് ഈ തുക കണ്ടെത്താവുന്നതാണ്. PMAY (അർബൻ) -ന് അധിക തുക വകയിരുത്തുവാനും പ്രോജക്ടുകൾ ഭേദഗതി ചെയ്യാവുന്നതാണ്.
4) പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി മതിയായ തുക മാറ്റി വച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ ഈ ആവശ്യത്തിന് ഭേദഗതി ചെയ്യാവുന്നതല്ല. ഇത്തരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മേഖലാവിഭജനത്തിലും ഇളവ് അനുവദിച്ചിട്ടില്ല.
5) 2018 മാർച്ച് 31 -നകം പൂർത്തിയാക്കാൻ കഴിയാത്ത പ്രോജക്ടുകൾ ഒഴിവാക്കുന്നതിന്/

ഭേദഗതി ചെയ്യുന്നതിനാണ് മുൻഗണന നൽകിയിട്ടുള്ളത്. എന്നാൽ അത്യാവശ്യ സ്വഭാവമുള്ളതും ഒഴിവാക്കാനാകാത്തതുമായ പ്രോജക്ടുകൾ ഭേദഗതി ചെയ്യരുത്.

6) ലൈഫ് പദ്ധതിയിൽ ഭവന പുനരുദ്ധാരണത്തിന് തുക കണ്ടെത്തുന്നതിന് മാത്രമേ വാർഷിക പദ്ധതി ഭേദഗതി അനുവദിക്കുകയുള്ളൂ. മറ്റു ഭേദഗതി ഡി.പി.സി പരിഗണിക്കേണ്ടതില്ല.

7) ഇപ്രകാരം മേഖലാനിബന്ധന പാലിക്കാതെ പ്രോജക്ടുകൾ ഭേദഗതി ചെയ്യുമ്പോൾ ലഭിക്കുന്ന സേവിംഗ്സ് തുക ലൈഫ് പദ്ധതിക്ക് തന്നെ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

8) നിർബന്ധ വകയിരുത്തലുകൾ വേണ്ട മേഖലയിലെ വകയിരുത്തലിന് വരുന്ന കുറവ് ലൈഫ് പദ്ധതിയിലേയ്ക്ക് തന്നെയാണ് മാറ്റുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

9) സുലേഖ സോഫ്റ്റ് വെയറിൽ ഇതിനുള്ള ക്രമീകരണം നടത്താൻകഴിയുമോ എന്ന് പരിശോധിച്ച് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ